Draft #70 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 25-Sep-2021 05:14 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY · KOTTAYAM ·

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 17152/ADA1 SO/2020/എ ഡി എ 1 തീയതി: 25.09.2021

**<u>സർക്കുലർ</u>**

വിഷയം:- ഭരണകാര്യം: കോവിഡ് 19 നിർവ്യാപനം - ജീവനക്കാരുടെ ക്വാറൻറൈൻ സംബന്ധിച്ചുള്ള പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന :- കേരള സംസ്ഥാന ദുരന്ത നിവാരണ (എ) വകുപ്പിൻറെ 15.09.2021 തീയതിയിലെ G.O. (Rt) No. 634/2021/DMD നമ്പർ ഉത്തരവ്.

കോവിഡ് നിർവ്യാപന പ്രവർത്തനങ്ങളുടെ ഭാഗമായി, സംസ്ഥാനത്തെ സർക്കാർ, അർദ്ധ സർക്കാർ, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്വാറന്റൈൻ കാലയളവിലെ പ്രത്യേക ആകസ്മിക അവധി സംബന്ധിച്ച് മുൻകാലങ്ങളിലെ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ പരിഷ്കരിച്ചുകൊണ്ട് സൂചന പ്രകാരം സർക്കാർ ഉത്തരവായതിൻറെ അടിസ്ഥാനത്തിൽ, സർവ്വകലാശാലാ ജീവനക്കാരുടെ ക്വാറന്റൈൻ കാലയളവിലെ പ്രത്യേക ആകസ്മിക അവധി സംബന്ധിച്ച്, താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വൈസ് ചാൻസലറുടെ അംഗീകാരത്തോടുകൂടി നടപ്പിൽ വരുത്തിക്കൊള്ളുന്നു.

1. കോവിഡ് പോസിറ്റീവ് ആയവരും പ്രാഥമിക സമ്പർക്ക പട്ടികയിലുൾപ്പെട്ട ജീവനക്കാരും, കോവിഡ് പോസിറ്റീവ് എന്ന് ടെസ്റ്റ് ചെയ്ത് / കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്കത്തിൽ വന്നതിനാൽ ക്വാറന്റൈൻ ഉപദേശിക്കപ്പെട്ട്, 7 ദിവസം (ഇടയ്ക്ക് വരുന്ന പൊതു അവധി ദിനങ്ങളുൾപ്പെടെ) കഴിഞ്ഞ് ടെസ്റ്റ് ചെയ്ത് നെഗറ്റീവ് ആയാൽ, രോഗലക്ഷണങ്ങൾ സംബന്ധിച്ച സ്വയം നിരീക്ഷണം, സാമൂഹിക അകലം ഉൾപ്പെടെയുള്ള കോവിഡ് പ്രോട്ടോക്കോൾ ഒരാഴ്ച കൂടി കർശനമായി പാലിക്കണമെന്ന വ്യവസ്ഥയിൽ, ഓഫീസിൽ ഹാജരാകേണ്ടതാണ്. ഈ കാലയളവ് ആരോഗ്യ വകുപ്പിൻറെയോ തദ്ദേശ സ്വയംഭരണ വകുപ്പിൻറെയോ സാക്ഷ്യപത്രത്തിൻറെ അടിസ്ഥാനത്തിൽ പ്രത്യേക ആകസ്മിക അവധി അനുവദിക്കുന്നതാണ്.

    - മേൽ സൂചിപ്പിച്ച സാക്ഷ്യപത്രത്തിൻറെയും നെഗറ്റീവ് സർട്ടിഫിക്കറ്റിൻറെയും അടിസ്ഥാനത്തിൽ 7 ദിവസത്തിന് ശേഷം ജോലിക്ക് ഹാജരാകുമ്പോൾ, പ്രസ്തുത കാലയളവ് ഹാജർ പുസ്തകത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവ് ആയി ബന്ധപ്പെട്ട മേലുദ്യോഗസ്ഥൻ / ബ്രാഞ്ച് ഓഫീസർ രേഖപ്പെടുത്തേണ്ടതാണ്.

2. കോവിഡ് രോഗിയുമായി പ്രാഥമിക സമ്പർക്ക പട്ടികയിൽ വരുന്ന ജീവനക്കാരൻ, കഴിഞ്ഞ 3 മാസത്തിനിടയിൽ കോവിഡ് രോഗവിമുക്തനായ വ്യക്തിയാണെങ്കിൽ ക്വാറന്റൈനിൽ പ്രവേശിക്കേണ്ടതില്ല. അത്തരം ജീവനക്കാർ കൃത്യമായ കോവിഡ് അനുബന്ധ നിർദ്ദേശങ്ങൾ പാലിച്ചും രോഗലക്ഷണങ്ങൾക്ക് സ്വയം നിരീക്ഷണത്തിൽ ഏർപ്പെട്ടും ഓഫീസിൽ ഹാജരാകേണ്ടതും, രോഗലക്ഷണങ്ങൾ കണ്ടാൽ ഉടൻ തന്നെ വൈദ്യസഹായം തേടേണ്ടതുമാണ്.
3. കോവിഡ് രോഗം മൂർച്ഛിച്ച് ആശുപത്രിയിൽ ചികിത്സ തേടേണ്ടി വരുന്ന ജീവനക്കാർക്ക്, മെഡിക്കൽ രേഖകളുടെ അടിസ്ഥാനത്തിൽ, ചികിത്സാ കാലയളവ് മുഴുവൻ പ്രത്യേക ആകസ്മിക അവധി അനുവദിക്കാവുന്നതാണ്.

ഒപ്പ്

**രമേഷ് ആർ**

അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. സെക്ഷനുകൾ/ സർവ്വകലാശാല പഠനവിഭാഗങ്ങൾ
2. വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
3. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ
4. എ.ആർ./ ഡി.ആർ./ ജെ.ആർ. (ഭരണം/അക്കാദമികം/ ധനകാര്യം/ പരീക്ഷാ)
5. പി.ആർ.ഒ./ സെക്യൂരിറ്റി ഓഫീസർ/എസ്റ്റേറ്റ് ഓഫീസർ/ കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ
6. റെക്കോർഡ്സ്/ സ്റ്റോക്ക് ഫയൽ/ ഡേ ഫയൽ/ ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #70 of File 17152/ADA1 SO/2020/AD A1 Approved by ASSISTANT REGISTRAR I (ADMIN) on 25-Sep-2021 05:14 PM - Page 2